വാണിജ്യ നികുതി വകുപ്പിൽ പുതുതായി രൂപവൽക്കരിച്ച ഇക്കണോമിക് ഇന്റലിജൻസ് വിംഗ് പുറം ഏജൻസികളിൽ നിന്ന് ശേഖരിക്കുന്ന രേഖകൾ ഡീലർമാരുടെ റിട്ടേണുമായി ഒത്തുനോക്കി തട്ടിപ്പുകൾ തടയുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) പുതുക്കിയ എസ്റ്റിമേറ്റുകൾ 2015-16-ലെ ബഡ്ജറ്റിനോടൊപ്പം അവതരിപ്പിക്കുന്നതാണ്.

പദ്ധതി അടങ്കൽ തുക

140 (486) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തികവർഷം സംസ്ഥാനത്തെ പദ്ധതി അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ നാളിതുവരെ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക എത്രയാണെന്നും ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) ത്രിതല പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയ്ക്ക് നാളിതുവരെ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി വകുപ്പുകൾ നേരിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും നടപ്പിലാക്കുന്ന പദ്ധതികൾക്കുവേണ്ടി വകയിരുത്തിയ തുകയും അനുവദിച്ച തുകയും വിനിയോഗിച്ചതുകയും എത്രയാണെന്ന് പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം പദ്ധതി അടങ്കൽ തുക 20000 കോടി രൂപയാണ്.

(ബി) 31-1-2015 വരെയുള്ള താൽക്കാലിക കണക്കനുസരിച്ച് വിവിധ പദ്ധതികൾക്കായി 8581 കോടി രൂപ (43%) ചെലവഴിച്ചിട്ടുണ്ട്.

(സി) ത്രിതല പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയ്ക്ക് 31-1-2015 വരെ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

(തുക കോടിയിൽ)

	വകയിരുത്തിയ തുക	ചെലവഴിച്ച തുക 31-1-2015 വരെയുള്ള താൽക്കാലിക കണക്ക്	ശതമാനത്തിൽ
വില്ലേജ് പഞ്ചായത്ത്	2595.59	900.47	35%
ബ്ലോക്ക് പഞ്ചായത്ത്	622.98	249.40	40%
ജില്ലാ പഞ്ചായത്ത്	622.98	197.47	32%
മുനിസിപ്പാലിറ്റി	482.38	147.51	31%
കോർപ്പറേഷൻ	376.05	88.19	23%

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി വകപ്പുകൾ വഴി വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

വകപ്പ്	വകയിരുത്തിയത്	വിനിയോഗിച്ചത്
പട്ടികജാതി	1060.65	530.19
പട്ടികവർഗ്ഗം	451.78	222.07

പട്ടികജാതി-പട്ടികവർഗ്ഗ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

	വകയിരുത്തിയത്	വിനിയോഗിച്ചത്
എസ്.സി.പി.	927.58	362.62
റ്റി.എസ്.പി.	139.22	65.27

LIBRARY ARCHIVES Kerala Legislative Assembly